(സി) 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും ഭക്ഷണം നൽകിവരുന്നുണ്ട്.

(ഡി) വർക്കർമാരുടെ 1302-ഉം ഹെൽപ്പർമാരുടെ 1920-ഉം തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(ഇ) അംഗൻവാടി ഹെൽപ്പർമാർ/വർക്കർമാർ എന്നിവരുടെ സേവന വേതന വ്യവസ്ഥകളെപ്പറ്റി ഏകാംഗകമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിൽ ആയുർവേദ വിഭാഗം തുടങ്ങുന്നതിന് നടപടി

66 [1271] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിൽ ആയുർവേദ വിഭാഗം തുടങ്ങുന്നതിന് സർക്കാർ തീരുമാനമുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ഈ വിഭാഗം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിലെ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ ;

(സി) ഈ ആശുപത്രി ഒരു ഇ. എസ്. ഐ. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിൽ ആയുർവേദ വിഭാഗം തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ ഇ. എസ്. ഐ. കോർപ്പറേഷൻ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. കോർപ്പറേഷൻ ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിലെ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നിർദ്ദേശങ്ങളിൻമേൽ ഇ. എസ്. ഐ. കോർപ്പറേഷന്റെ അംഗീകാരം തേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി എന്ന നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.